## അനങ്ങൻമല പിളർക്കുന്നതിനെ ചെറുക്കുക.

# മലേഷ്യൻ കമ്പനിയെ കെട്ട് കെട്ടിയ്ക്കുക!

ഡോ. പി.എസ്. പണിക്കർ

### മാർച്ച് 14 ന് ഒറ്റപ്പാലം മുൻസിപ്പിൽ ഓഫീസിനുമുന്നിൽ സത്യാഗ്രഹസമരം ആരംഭിയ്ക്കുന്നു.

**അനങ്ങൻമല** നമ്മുടേതാണ്. അത് ഒറ്റപ്പാലം മുനിസിപ്പാലിറ്റിയിലും അമ്പലപ്പാറ, അനങ്ങനടി, തൃക്കടീരി, പൂക്കോട്ട്കാവ്, വെള്ളിനേഴി, ശ്രീകൃഷ്ണപുരം എന്നീ 6 പഞ്ചായത്തുകളിലുമായി 2500 ചതുരശ്ര ഏക്കർ വിസ്തൃതിയിൽ തെക്ക്, വടക്ക് നീണ്ട് കിടക്കുന്നു. അതിമനോഹരമാണ് അതിന്റെ കിടപ്പുതന്നെ. ഇത് ഒരൊറ്റ ശിലയാണ്. ഒരഗ്നിപർവ്വതം പൊട്ടിയുണ്ടായതാണ്. അതുകൊണ്ടുതന്നെ ഇനിയും അത്തരം ഭൂഘടനാമാറ്റങ്ങൾക്ക് സാധ്യതയേറെയാണ്. മുമ്പ് രണ്ട് തവണ ഇവിടെ മലയിടിച്ചിലുണ്ടായിട്ടുണ്ട്. 1944 - ലെ മലയിടിച്ചിലിൽ 15 ഏക്കർ കൃഷിസ്ഥലം നശിച്ചു. 10 വീടുകൾ തകർന്നു. നിരവധി കന്നുകാലികൾ ചത്തു. പനമണ്ണ - കോതകുറുശ്ശിഭാഗങ്ങളിലാണ് കൃഷിനഷ്ടമുണ്ടായത്. 1991 - ൽ മലയിടിച്ചിലിന്റെ ഫലമായി 10 ടൺ വലിപ്പമുള്ള ഒരു പാറവന്ന് വരോട് പതിച്ചു. അതിന്റെ ഭാഗങ്ങൾ ഇപ്പോഴും അവിടെയുണ്ട്. മണ്ണിടിഞ്ഞു കോതകുറിശ്ശി - വരോട് ഭാഗങ്ങളിൽ വെള്ളപ്പൊക്കമുണ്ടായി. അനങ്ങൻമലയുടെ തുടർച്ചയായ കുനൻമലയിൽ കഴിഞ്ഞ ജൂലൈയിൽ ഉണ്ടായ മലയിടിച്ചിലിൽ ഒരാൾ മരിച്ചു. പാറകൾ കിഴുക്കാംതൂക്കായും 50 ഡിഗ്രി ചരിവോടും സ്ഥിതിചെയ്യുന്നതുകൊണ്ട് ചെറിയ ഒരു ഭൂചലനമുണ്ടായാലും വലിയ മലയിടിച്ചിലുണ്ടാകും. ഇനി ഒരു മലയിടിച്ചിലുണ്ടായാൽ ആറോ, ഏഴോ ഗ്രാമങ്ങൾ അങ്ങനെ മുങ്ങിപ്പോകും. ആയിരങ്ങൾ മരിക്കും. വൻ കൃഷിനാശവും ഉണ്ടാകും. ഭാരതപ്പുഴയുടേയും അതിന്റെ പോഷകനദിയായ തൂതപ്പുഴയുടേയും നിരവധി സ്രോതസ്സുകൾ ഇതിന്റെ മുകളിൽ നിന്നാണ് ഉത്ഭവിക്കുന്നത്. അനങ്ങൻമല ഒരു ജൈവകലവറയാണ്. കന്മദമുണ്ടിവിടെ. രാജവെമ്പാല, അണലി, കാട്ടനായ്, നിരവധിതരം പക്ഷികൾ, പ്രാണികൾ എന്നിവയും ഉണ്ട്. നീലഅമരി, പതിമുഖം, അടപതിയൻകിഴങ്ങ്, വള്ളിപ്പാല എന്നീ ഔഷധിങ്ങളുണ്ടിവിടെ. അനങ്ങൻമല നിക്ഷിപ്തവനപ്രദേശമാണ്. ഇതിന്റെ തെക്കേതലപ്പിലെ എട്ടര ഏക്കർ വനഭൂമിയിൽ നിന്നാണ് റോഡ് ബിൽഡേഴ്സ് ഓഫ് മലേഷ്യ എന്ന ബഹുരാഷ്ട്രകുത്തക പാറ പൊട്ടിക്കുന്നത്. ഇറക്കുമതി ചെയ്ത പടുകൂറ്റൻ യന്ത്രങ്ങൾ ഇതിലേക്കായി സ്ഥാപിച്ചിട്ടുണ്ട്. പാറ പൊട്ടിക്കുമ്പോൾ പ്രദേശമാകെ കുലുങ്ങുന്നു. പാറപ്പൊടി പ്രദേശമാകെ വ്യാപിക്കുന്നുണ്ട്. സിലിക്കോസിസ്, ആസ്തമ തുടങ്ങിയ ശ്വാസകോശ രോഗങ്ങളും, വൃക്കരോഗങ്ങളും പിടിപെടും. വെള്ളം കേട് വരുന്നുണ്ട്. 6 ചതുരശ്ര കി.മീ. വിസ്തൃതിയിൽ വായു മലിനീകരണമുണ്ട്. പച്ചപ്പിനേയും ബാധിക്കുന്നുണ്ട്. 40-ൽപ്പരം വീടുകൾക്ക് കേടുപാട് പറ്റിയിട്ടുണ്ട്. രണ്ട് കിണറുകൾ താഴ്ന്നിട്ടുണ്ട്. ജനങ്ങൾ ഭയപ്പാടോടെയാണ് കഴിയുന്നത്. ഇത് മനുഷ്യാവകാശ ലംഘനമാണ്. ഈ ഖനനം താഴ്വാരത്തുള്ള ആയിരക്കണക്കിനാളുകളുടെ ജീവനും ഐശ്വര്യ ജീവിതത്തിനും സ്വത്തിനും വൻഭീഷണി ഉയർത്തുന്നു. ജില്ലാഭരണകൂടവും സംസ്ഥാന സർക്കാരും ഈ കമ്പനിക്ക് എല്ലാ ഒത്താശയും ചെയ്ത് കൊടുക്കുകയാണ്. ലോകസഭാ തെരഞ്ഞെടുപ്പിന് മുമ്പ് രാഷ്ട്രീയകക്ഷികളും ജനപ്രതിനിധികളും പാറപൊട്ടിക്കലിനെ എതിർത്തിരുന്നെങ്കിലും ഇപ്പോൾ മിണ്ടാട്ടമില്ല. ഇതിൽ ദുരൂഹതയുണ്ട്. ഒറ്റപ്പാലം മുനിസിപ്പാലിറ്റിയും ബന്ധപ്പെട്ട പഞ്ചായത്തുകളും അനങ്ങൻമല പിളർക്കുന്നത് തടയുവാനും ഈ മലയും നീർമറിയും സംരക്ഷിക്കുവാനും തയ്യാറാകണമെന്നാണ് ഞങ്ങളുടെ അഭ്യർത്ഥന. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പിന് ഇനി ഒരു വർഷം മാത്രമേയുള്ളൂ. ഈ അവസരത്തിൽ ഈ കാര്യത്തിൽ അവർ ജനങ്ങളോടൊപ്പമുണ്ടാകണം.




### അനങ്ങൻമല - ജനകീയ പോരാട്ടത്തിന്റെ കഥ

നമ്മുടെ അനങ്ങൻമല, അനങ്ങൻമല ഒരു ജൈവകലവറ, ജലസ്രോതസ്സുകളുടെ ഒരു അക്ഷയഖനി, ഇത് വനഭൂമി, വനഭൂമി സ്വകാര്യ വ്യക്തികൾ കൈവശപ്പെടുത്തുന്നു, റോഡ് ബിൽഡേഴ്സ് ഓഫ് മലേഷ്യ മല പിളർക്കുന്നു, ജനങ്ങളുടെ ദുരിതം - മനുഷ്യാവകാശ ലംഘനം, രണ്ട് മലയിടിച്ചിലുകൾ, ജനപ്രതിനിധികളുടെയും രാഷ്ട്രീയ കക്ഷികളുടെയും നിലപാട്, ജനകീയ പ്രക്ഷോഭം, ജില്ലാ ഭരണകൂടത്തിന്റെയും ഒറ്റപ്പാലം മുനിസിപ്പാലിറ്റിയുടെയും ജനവിരുദ്ധ സമീപനം, നിയമസഭാ പരിസ്ഥിതി സമിതിയുടെ തെളിവെടുപ്പ്, ഇവിടെ നമ്മുടെ കുന്നുകൾ ഇടിച്ചു കുഴിമാടം തീർക്കുന്നു, അനങ്ങൻ മലയുടെ അനന്തസാദ്ധ്യതകൾ, അനങ്ങൻമല ഒരു ദേശീയപ്രശ്നം, ജീവൻ കൊടുത്തും അനങ്ങൻമലയെ സംരക്ഷിക്കും.

*ലഘുലേഖ, സംഭാവന 10 രൂപ*

ബന്ധങ്ങൾക്ക്:

ഡോ. പി.എസ്. പണിക്കർ
ജനറൽ കൺവീനർ, അനങ്ങൻമല സംരക്ഷണ സമിതി, തോരപ്പാളയം
പാലക്കാട് - 678 001.
ഫോൺ: 0491-2578309